മധുവ്രതസ്രഗ്വനമാലയാ വൃതോ രരാജ രാജൻ ഭഗവാനുരുക്രമ:
ക്ഷിതിം പദൈകേന ബലേർ വിചക്രമേ നഭ: ശരീരേണ ദിശശ്ച ബാഹുഭി: **(8-20-33)**
പദം ദ്വിതീയം ക്രമതസ്ത്രി വിഷ്ടപം നവൈ തൃതീയായ തദീയമണ്വപി
ഉരുക്രമസ്യാങ്ഘ്രിരുപര്യുപര്യഥോ മഹർജ്ജനാഭ്യാം തപസ: പരം ഗത: **(8-20-34)**

*ശുകമുനി തുടർന്നു:*
ഒരു നിമിഷം മൗനം പൂണ്ടശേഷം മനസ്സിനെ ഏകാഗ്രമാക്കി അന്തർമുഖനായി ബലി ഇപ്രകാരം പറഞ്ഞു: പൂജനീയരായ മഹാത്മാക്കളേ, നിങ്ങൾ പറയുന്ന ഗൃഹസ്ഥാശ്രമധർമ്മം ഞാൻ മനസ്സിലാക്കുന്നു. എന്നാൽ ഞാനിപ്പോൾ ഓർക്കുന്നത് ഭൂമീമാതാവന്റെ പ്രഖ്യാപനമാണ്. അസത്യത്തിലും വലിയ പാപമില്ല എന്നതത്രേ അത്. സമ്പത്ത് ഒരുവനെ അവന്റെ മരണത്തോടെ കൈവിട്ട് പോവുന്നു. എന്നാൽ എന്തു കൊണ്ട് അവൻ സ്വയം നേരത്തെ തന്നെ സമ്പത്തിനെ ഉപേക്ഷിച്ചുകൂടാ? മഹാമനസ്ക്കരായ ദദീചിയും ശിബിയും മറ്റുള്ളവർക്ക് ജീവിക്കാനായി സ്വയം ബലികഴിച്ചവരാണല്ലോ. നമ്മുടെ പ്രഗത്ഭരും വീരൻമാരുമായ പൂർവ്വപിതാക്കൾ ഉണ്ടാക്കിയ സമ്പത്തും, അവരുടെ ഉല്ലാസജീവിതവുമെല്ലാം ലോകം എന്നേ മറന്നു കഴിഞ്ഞിരിക്കുന്നു. എന്നാൽ അവരുടെ ബഹുമതികൾ മാത്രം ജനങ്ങൾ ഓർക്കുന്നു. വലിയ നായകന്മാരെ കാണാൻ അത്ര പ്രയാസമൊന്നുമില്ല, എന്നാൽ തന്റെ സമ്പാദ്യം മുഴുവൻ മറ്റൊരാൾക്ക് വേണ്ടി നൽകുന്ന ഒരാളെ കാണുക ക്ഷിപ്രസാദ്ധ്യമല്ല തന്നെ. അത് ഭഗവാൻ വിഷ്ണുതന്നെയോ നികൃഷ്ഠനായ ഒരു ശത്രുവോ ആണെങ്കിൽ കൂടി ഞാൻ എന്റെ വാക്കു പാലിക്കുകതന്നെ ചെയ്യും. കുള്ളനായ ഈ ബ്രാഹ്മണൻ ചോദിക്കുന്ന ഭൂമി ഞാൻ നൽകുക തന്നെ ചെയ്യും. അയാളെന്നെ ബന്ധനസ്ഥനാക്കുകയാണെങ്കിൽ പോലും ഞാനദ്ദേഹത്തെ ഉപദ്രവിക്കുകയില്ല. എന്റെ വാക്കിൽനിന്നു പിന്മാറുകയുമില്ല. ശുക്രാചാര്യൻ, ബലിയുടെ ഗുരുവിന്റെ വാക്കുകളോടുള്ള ബഹുമാനമില്ലായ്മയിലും ധിക്കാരത്തിലും ക്രുദ്ധനായി അദ്ദേഹത്തെ ശപിച്ചു: നീ ഗുരുവിന്റെ വാക്കുകളെ ധിക്കരിച്ചതിനാൽ നിന്റെ പദവിയിൽ നിന്ന് നിഷ്കാസിതനായിത്തീരും. ഈ ശാപം പോലും ഭഗവദേച്ഛയിൽ നിന്നുണ്ടായതത്രെ. ശാപം കിട്ടിയിട്ടും ചാഞ്ചല്യമേതുമില്ലാതെ ബലി ദാനകർമ്മം യഥാവിധി നിർവ്വഹിക്കാൻ പുറപ്പെട്ടു. സ്വർഗ്ഗവാസികൾ ബലിയുടെ അപദാനം വാഴ്ത്തി. ഈ കുലീനൻ വളരെ ബുദ്ധിമുട്ടുള്ള ഒരു കാര്യമാണ് ഇപ്പോൾ ചെയ്തത്. അയാൾ തന്റെ അധീനതയിലുള്ള മൂന്നു ലോകങ്ങളും തന്റെ ശത്രുവിന് കൊടുത്തിരിക്കുന്നു. അതിന്റെ പരിണിതഫലങ്ങൾ മുഴുവനുമറിഞ്ഞിട്ടു തന്നെയാണീ പുണ്യാത്മാവങ്ങിനെ ചെയ്യുന്നതും.

അതേ സമയം ഭഗവാൻ വിശ്വത്തോളം വലുതായി, വിശ്വം മുഴുവനും നിറഞ്ഞു വിളങ്ങി. ബലി വിശ്വരൂപം നോക്കിക്കണ്ടു. ഉപ്പൂറ്റിയിൽ നരകങ്ങൾ. കാൽപ്പാദങ്ങളിൽ ഭൂമി. കണങ്കാലിൽ പർവ്വതങ്ങൾ. മുട്ടുകളിൽ ആകാശം. തുടകളിൽ കാറ്റ്. കൗപീനത്തിൽ സന്ധ്യ. ആസനത്തിൽ അസുരന്മാർ. ലിംഗത്തിൽ സൃഷ്ടി കർത്താക്കളായ ഋഷികൾ. പൊക്കിളിൽ ആകാശം. പാർശ്വങ്ങളിൽ സപ്തസമുദ്രങ്ങൾ. മാറിടത്തിൽ നക്ഷത്രങ്ങൾ. ഹൃദയത്തിൽ ധർമ്മം. മുലകളിൽ ഋതവും സത്യവും. മനസ്സിൽ ചന്ദ്രനും. നെഞ്ചിൽ ശ്രീദേവിയും. തൊണ്ടയിൽ ശബ്ദവും. കൈകളിൽ ദേവന്മാരും. ചെവികളിൽ നാലു ദിക്കുകളും. കിരീടത്തിൽ സ്വർഗ്ഗവും. തലമുടിയിൽ മേഘവും. നാസികയിൽ വായുവും. കണ്ണിൽ സൂര്യനും. വായിൽ അഗ്നിയും. നാവിൽ വേദങ്ങളും. അണ്ണാക്കിൽ ജലവും. പുരികങ്ങളിൽ നീതിനിയമാദികളും. കൺപീലികളിൽ ദിനരാത്രങ്ങളും. നെറ്റിത്തടത്തിൽ ക്രോധവും. ചുണ്ടിൽ അത്യാഗ്രഹവും. സ്പർശത്തിൽ പ്രേമവും. നിഴലിൽ മരണവും. ചിരിയിൽ മായയും. മുടിയിൽ വൃക്ഷലതാദികളും. രേതസ്സിൽ ജലവും. പുറത്ത് അധർമ്മവും. ധമനികളിൽ നദികളും. നഖങ്ങളിൽ ദേവന്മാരും ഋഷികളും ബലി ദർശിച്ചു. ദിവ്യമായ വിശ്വരൂപം ദർശിച്ച് അതിൽ അന്തർലീനമായിരിക്കുന്ന ശക്തികളെ ആയുധങ്ങളെന്ന് ധരിച്ച് രാക്ഷസന്മാർ ഭയചകിതരായി. ഭഗവാൻ ഒറ്റ ചുവടുകൊണ്ട് ഭൂമി മുഴുവൻ അളന്നു. ശൂന്യാകാശം മുഴുവനും ആ വിശ്വരൂപം നിറഞ്ഞു നിന്നു. ദിക്കുകൾ, ഭഗവാന്റെ കൈകളായി. രണ്ടാമത്തെ ചുവടു കൊണ്ട് സ്വർഗ്ഗങ്ങൾ മുഴുവനുമളന്നു. മൂന്നാമത്തെ ചുവടു വയ്ക്കാനിടമുണ്ടായിരുന്നില്ല.